**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന്-അനുവാദം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 636/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,16/02/2016.**

പരാമർശം : വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2015 ലെ 2.3 നമ്പർ തീരുമാനം.

### ഉത്തരവ്

വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30/09/2015 ലെ യോഗത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകുന്ന വേതനം 6600/- രൂപയിൽ നിന്നും 10000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിൽ 1000/- രൂപ സർക്കാർ ഫണ്ടിൽ നിന്നും നൽകണമെന്നും ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകണമെന്നും നിർദ്ദേശിക്കുകയുണ്ടായി. 23/12/2015 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ അംഗൻവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഹെൽപ്പർമാരുടെ വേതനം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും നിശ്ചയിച്ചു. അംഗൻവാടി വർക്കർമാരുടെ വർദ്ധിപ്പിച്ച വേതനത്തിൽ 1000/- രൂപ സർക്കാർ നൽകണമെന്ന 30/9/2015 ലെ തീരുമാനത്തിൽ അനുകൂല ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ വർദ്ധിപ്പിച്ച നൽകേണ്ട മുഴുവൻ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകാൻ പരാമർശം പ്രകാരം തീരുമാനിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 10000/- രൂപയും 7000/- രൂപയും വർദ്ധിപ്പിക്കുമ്പോൾ ഇതിലേയ്ക്കാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നൽകണമെന്ന വ്യവസ്ഥയോടുകൂടി അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വർദ്ധനയ്ക്ക് 01/04/2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

വേതനം വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് സാമൂഹ്യ നീതി വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**

**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം